'ഭരണഭാഷ-മാതൃഭാഷ'

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് — ജീവനകാര്യം — സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് -I/II - തസ്തികകൾ മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സ.ഉ.(സാധാ) 475/2015/ആ.സാ.വ. തീയതി 13/11/2015 നമ്പർ ഉത്തരവ്.
2) 29/03/2017 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.96/2016 നമ്പർ വിധിന്യായം.
3) സ.ഉ (സാധാ) 346/2017/ആ.സാ.വ തീയതി 03/06/2017 നമ്പർ കത്ത്.
4) 4/01/2018 ലെ ഇ.എ.(1)2018/2018/ഡിഇഎസ് നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ.എ.(1)24408/2014/ഡി.ഇ.എസ് തീയതി 27/02/2018**

പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോഴിക്കോട് ജില്ലാ ആഫീസിലെ ഒരു സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക എറണാകുളം ജില്ലയിലേക്കും എറണാകുളം ജില്ലയിലെ ഒരു സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക കോഴിക്കോട് ജില്ലയിലേക്കും മാറ്റി നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

പരാമർശം (4) പ്രകാരം കോഴിക്കോട് ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ശ്രീ.സിജിൽ.കെ.ജെ യ്ക്ക് ഉദ്യോഗക്കയറ്റം നൽകിയതിൻ പ്രകാരമുണ്ടായ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക എറണാകുളം ജില്ലയിലേക്കും എറണാകുളം ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ശ്രീ.ടോംറെക്സ്.കെ.വി യ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക കോഴിക്കോട് ജില്ലയിലേക്കും മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പ്രസ്തുത തസ്തികമാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികയിലെ സ്ഥലംമാറ്റങ്ങൾ ചുവടെ ചേർക്കും വിധം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും നിലവിലെ ആഫീസും | സ്ഥലംമാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീ.ശ്യാംജിത്ത്.വി.ആർ,<br>സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I,<br>റീജിയണൽ ടൗൺ പ്ലാനർ ആഫീസ്,<br>എറണാകുളം (അപേക്ഷ പ്രകാരം) | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്,<br>ജില്ലാ ആഫീസ്, കോഴിക്കോട്<br>(തസ്തികകൾ മാറ്റി നിയമിക്കുന്നതിൻ പ്രകാരം വന്ന ഒഴിവ്) |
| 2 | ശ്രീ.ടോം റെക്സ്.കെ.വി,<br>സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്,<br>ജില്ലാ ആഫീസ്, എറണാകുളം | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I,<br>റീജിയണൽ ടൗൺ പ്ലാനർ ആഫീസ്,<br>എറണാകുളം<br>(ശ്രീ.ശ്യാംജിത്ത്.വി.ആർ-ന് സ്ഥലംമാറ്റം നൽകുന്ന ഒഴിവ്) |

ടി ജീവനക്കാർ വിടുതൽ ചെയ്യുന്നതും / ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരം നിയന്ത്രണാധികാരികൾ ഈ ആഫിസിൽ യഥാസമയം അറിയിക്കേണ്ടതാണ്..

ഒപ്പ്
ജ്യോതി.കെ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) റീജിയണൽ ടൗൺ പ്ലാനർ, റീജിയണൽ ടൗൺ പ്ലാനറുടെ ആഫീസ്, എറണാകുളം
2) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, എറണാകുളം / കോഴിക്കോട്
3) ഇ.എ (4) / ഗ്രഡേഷൻ / ഇഎ(3)/ബഡ്ജറ്റ് വിഭാഗം
4) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Beena

സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)

PM